# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1137 31.10.2019 ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. സ്വരാജ് | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷമമാക്കുന്നതിലേക്കായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | എ) & ബി) | പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിരത്തു വിഭാഗത്തിനു കീഴിൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഗുണനിലവാര പരിശോധന കർശനമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ എല്ലാം തന്നെ സർക്കാർ അംഗീകരിച്ച standard bid document പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. പാലങ്ങളുടെ പ്രവൃത്തികൾക്കും മെയിന്റനൻസിനുമായി പ്രത്യേക വിഭാഗം സൃഷ്ടിച്ചു. നിരത്തു വിഭാഗത്തിനു കീഴിൽ വരുന്ന പ്രവൃത്തികൾക്ക് ആധുനിക സാങ്കേതിക വിദ്യകളായ ഷ്രഡ്ഡഡ് പ്ലാസ്റ്റിക്, NRMB, കയർ ഭൂവസ്ത്രം, recycling തുടങ്ങിയവ ഉപയോഗിച്ചു വരുന്നു. പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ഡിസൈൻ വിഭാഗം ശക്തിപ്പെടുത്തുകയും പുതിയ ഓഫീസ് ആരംഭിക്കുകയും ചെയ്തു.<br><br>ദേശീയപാത വിഭാഗത്തിനു കീഴിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three - tier Quality Control System നിലവിലുണ്ട്. ഇതിൻ |

പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണ നിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പ് വരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി വകുപ്പിന്റെ നിയന്ത്രണത്തിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ്ബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചു വരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷനിൽ പ്രവർത്തിച്ചു വരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും. ചെയ്ത പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുക, സാമ്പിളുകൾ ശേഖരിക്കുക, ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കുക തുടങ്ങിയവ നടപ്പിലാക്കി വരുന്നു. ആയതിന്റെ പരിശോധനാ ഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. അഞ്ചു കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രോക്യുർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ ആയത് കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് പുതുക്കി നിർമ്മിക്കുന്നതിനും ഇത്തരത്തിലുള്ള കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രവൃത്തികളുടെ ഗുണ നിലവാരം

ഉറപ്പ വരുത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്. ഗുണ നിലവാരം കൂടുതൽ ശക്തിപ്പെടുത്തുന്നതിലേയ്ക്കായി അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തുമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ MoRTH സ്പെസിഫിക്കേഷനും ഐ.ആർ.സി മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചുള്ള നവീകരണ വിദ്യയാണ് സ്വീകരിച്ചു വരുന്നത്. ഗുണനിലവാരം ഉറപ്പ വരുത്തുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് നിലവിലുണ്ട്. ജി.ഒ(എം.എസ്സ്) നമ്പർ 1/2018/പൊ.മ.വ തീയതി 05.01.2018 സർക്കാർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. റോഡുകൾ, പാലങ്ങൾ തുടങ്ങിയവ സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്.

നിരത്തുകളും പാലങ്ങളും വിഭാഗത്തിനെ മൂന്നായി വിഭജിച്ച് നിരത്തുകൾ, നിരത്ത് പരിപാലനം, പാലങ്ങൾ എന്നിവ രൂപീകരിച്ചു. പുതിയ പാലങ്ങളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവ നൂതന രീതികൾ അവലംബിച്ച് സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിനായിട്ടാണ് ചീഫ് എഞ്ചിനീയർ തലവനായി മെയിന്റനൻസ് വിഭാഗവും പാലങ്ങൾ വിഭാഗവും രൂപീകരിച്ചിട്ടുള്ളത്.

കെട്ടിട വിഭാഗത്തിനു കീഴിൽ വിജിലൻസ് വിംഗിന്റെ പ്രവർത്തനം ശക്തമാക്കി. അതുവഴി അഴിമതി ഇല്ലാതാക്കാൻ സാധിച്ചു. നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണ നിലവാരം ഉറപ്പ വരുത്തുന്നതിന് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ചു. പ്രവൃത്തികളുടെ ബില്ലുകൾ മാറുന്നതിന് ക്വാളിറ്റി

കൺട്രോൾ ലാബുകളിൽ നിന്ന് സാക്ഷ്യപത്രം നിർബന്ധമാക്കിയിട്ടുണ്ട്. അതു വഴി പ്രവൃത്തികളിലെ ഗുണ നിലവാരം ഉറപ്പാക്കാൻ സാധിക്കുന്നു. പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാർക്ക് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണരീതികളിലുള്ള പരിശീലനം നൽകി വരുന്നതുവഴി പ്രവൃത്തികളുടെ മേൽനോട്ടം മുമ്പത്തേക്കാൾ കാര്യക്ഷമതയോടെ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ